# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 390 28.11.2018-ൽ മറുപടിക്ക്

**കാട്ടാക്കട മണ്ഡലത്തിലെ പുരാവസ്തു വകുപ്പിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ**

**ചോദ്യം**

ശ്രീ.ഐ.ബി. സതീഷ്

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കാട്ടാക്കട മണ്ഡലത്തിൽ ഉൾപ്പെടുന്ന മാറനല്ലൂർ പഞ്ചായത്തിലെ അരുവിക്കര ക്ഷേത്രത്തിന്റെ സംരക്ഷണത്തിനായി പുരാവസ്തു വകുപ്പ് നടത്തി വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ; | (എ) | പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ അരുവിക്കര ക്ഷേത്രത്തിന്റെ സമഗ്ര സംരക്ഷണ പ്രവർത്തനങ്ങൾക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 40 ലക്ഷം രൂപ വിനിയോഗിച്ച് നാശോൻമുഖമായിരുന്ന ശ്രീകോവിലുകളുടെ സംരക്ഷണ ബലപ്പെടുത്തൽ, ക്ഷേത്രത്തിനു ചുറ്റും കല്ലുകൾ പാകൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ കുണ്ടമൺകടവ് പാലം ചരിത്രസ്മാരകമായി സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്റെ നടപടികൾ എന്തായെന്ന് വിശദമാക്കാമോ? | (ബി) | കുണ്ടമൺ കടവ് പാലം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്ന വിഷയം വകുപ്പിന്റെ പരിഗണനയിലുണ്ട്. ഇതിനായി വകുപ്പിലെ സാങ്കേതിക വിഭാഗത്തിന്റെ പരിശോധനയിൽ ടി സ്മാരകം സംരക്ഷണ യോഗ്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി റവന്യൂ വിശദാംശങ്ങൾ ജില്ലാ കളക്ടറിൽ നിന്നും ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ